ഭരണഭാഷ–മാതൃഭാഷ

സി2–9601/2024/ജി.എച്ച്.റ്റി

ജനറൽ ആശുപത്രി,
തിരുവനന്തപുരം
തീയതി: 10 /03/2025

## ലേലപരസ്യം

വിഷയം:–ആ.വ–ജി.എച്ച്.റ്റി–ഈ സ്ഥാപനത്തിലെ ഉപയോഗശൂന്യമായ സാധന സാമഗ്രികൾ ഗർഹണം ചെയ്യുന്നതിന്റെ ലേല നടപടികൾ–സംബന്ധിച്ച്

സൂചന:–1. 29.08.2024 തീയതിയിൽ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം.
2. സ്റ്റോർ സൂപ്രണ്ട് സമർപ്പിച്ച അപേക്ഷ തീയതി 07.10.2024
3. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ എഞ്ചിനീയറിംഗ് യൂണിറ്റ് നൽകിയിരിക്കുന്ന അടിസ്ഥാന വില.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ ഉപകരണങ്ങൾ മറ്റ് അനുബന്ധ സാധന സാമഗ്രികൾ തുടങ്ങിയവ ആശുപത്രി വളപ്പിൽ വച്ച് 20.03.2025 തീയതി വൈകീട്ട് 03.00 മണിക്ക് പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്.താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ കൃത്യസമയത്ത് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലത്തിനു മുമ്പുള്ള പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് സാധനങ്ങൾ കണ്ട് ബോധ്യപ്പെടാവുന്നതാണ്.

അടിസ്ഥാന വിലയിൽ കുറവുള്ള തുകയ്ക്ക് യാതൊരു കാരണവശാലും ലേലം സ്ഥിരപ്പെടുത്തി നൽകുന്നതല്ല.

ടെൻഡറിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 18.03.2025 തീയതി വൈകുന്നേരം 4 മണിക്ക് മുമ്പ് ഓഫീസിൽ നിന്നും ടെൻഡർ ഫോം വാങ്ങി 19.03.2025 തീയതി വൈകുന്നേരം 04.00 മണിക്ക് മുമ്പായി തുക രേഖപ്പെടുത്തി സീൽ ചെയ്ത ടെൻഡർ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം വൈകുന്നേരം 04.00 മണിക്ക് ശേഷം ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. ടെൻഡർ ഫോം സമർപ്പിക്കുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

ടെൻഡർ ഫോമിന്റെ വില –1000+ GST(18%)

ലേല നടപടി പൂർത്തിയാക്കിയതിനു ശേഷം മാത്രമേ സീൽ ചെയ്ത ടെൻഡറുകൾ തുറക്കുകയുള്ളു. ടെൻഡറിൽ രേഖപ്പെടുത്തിയ തുകയോ ലേല തുകയോ ഏതാണോ കൂടുതൽ അതിനു അംഗീകാരം നൽകുന്നതാണ്. ലേലത്തിനും ടെൻഡറിനും നിരതദ്രവ്യമായി ഓരോന്നിനും ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ മാറത്തക്ക രീതിയിലുള്ള 25000/– രൂപയുടെ ഡി.ഡി ടെൻഡർ ഫോമിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ പ്രസ്തുത ദിവസം ലേല നടപടികൾ നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 11 മണിക്ക് ലേലം നടത്തുന്നതാണ്.ലേലനടപടികളിൽ മാറ്റം വരുത്തുന്നതിനോ പുനർലേലം ചെയ്യുന്നതിനോ ഉള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.ലേലം കൈകൊള്ളുന്ന വ്യക്തി /സ്ഥാപനം ലേലം കൊള്ളുന്ന തുകയുടെ 25% –ൽ കുറയാത്ത തുക അന്നേ ദിവസം തന്നെ ഡി.ഡി ആയി ഒടുക്കേണ്ടതാണ്. ലേലം കൈകൊള്ളുന്ന വ്യക്തി /സ്ഥാപനം സർക്കാർ നിശ്ചയിക്കുന്ന നികുതികൾ എല്ലാം നൽകേണ്ടതും ലേലം സ്ഥിരപ്പെടുത്തിയതിന്റെ തൊട്ടടുത്ത മൂന്ന് ദിവസത്തിനുള്ളിൽ തന്നെ മുഴുവൻ തുകയും ഒടുക്കി സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും സാധനങ്ങൾ മാറ്റേണ്ടതുമാണ്.

ലേല നടപടികൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ സൂപ്രണ്ട് ഓഫീസിൽ നിന്നും ആരായാവുന്നതാണ്. ലേല നടപടികൾ സംബന്ധിച്ച അന്തിമ തീരുമാനം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

GOVT. GENERAL HOSPITAL THIRUVANANTHAPURAM-35.

സൂപ്രണ്ട്

സ്വീകർത്താവ്

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2. നോട്ടീസ് ബോർഡ്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്/ജില്ലാ മെഡിക്കൽ ഓഫീസ്/പി.എച്ച് ലാബ്/കണ്ണാശുപത്രി, തിരുവനന്തപുരം
3. നേഴ്സിംഗ് സൂപ്രണ്ട്/ സ്റ്റോർ സൂപ്രണ്ട്/എല്ലാ ഡിപ്പാർട്ട്മെന്റ് തലവൻമാർക്കും
4. ഫയൽ/കരുതൽ ഫയൽ